# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 668** — **30.06.2015- ൽ മറുപടി.**

## പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തനപുരോഗതി

**ചോദ്യം**

ശ്രീ.റ്റി.യു.കുരുവിള
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആരോഗ്യ വകുപ്പിനു കീഴിൽ പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(എ) സർക്കാർ മേഖലയിൽ, ജി.എച്ച് കാമ്പസ്, തിരുവനന്തപുരം; കോന്നി, (പത്തനംതിട്ട); ഹരിപ്പാട് (ആലപ്പുഴ), വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൊല്ലം പാരിപ്പള്ളിയിലുള്ള ഇ.എസ്.ഐ.സി മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഗവൺമെന്റ് മെഡിക്കൽ കോളേജ് കോന്നി, പത്തനംതിട്ട:**

24.03.2012-ലെ ജി.ഒ (എം.എസ്) നം.98/12/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് 06.06.2015-ലെ ജി.ഒ(ആർ.റ്റി) നം.1710/15/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജനറലാശുപത്രി കൂടിച്ചേർത്ത് ഉത്തരവായിട്ടുണ്ട്. 28.02.2015-ലെ ജി.ഒ(എം.എസ്) നം.37/15/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ആവശ്യമായ 108 തസ്തികകൾ സൃഷ്ടിച്ചു. 2015-16 അക്കാദമിക്ക് വർഷം എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ 2014 ആഗസ്റ്റ് മാസത്തിൽ മെഡിക്കൽ കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്.

(മറുപുറം....)

**ഗവൺമെന്റ് മെഡിക്കൽ കോളേജ്, ജി.എച്ച് കാമ്പസ്, തിരുവനന്തപുരം:**

15.06.2013-ലെ ജി.ഒ (എം.എസ്) നം. 250/13/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ജി.എച്ച് കാമ്പസ് തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് തിരുവനന്തപുരം ജനറലാശുപത്രിയും തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയും കൂടിച്ചേർത്തുകൊണ്ട് 16.06.2015-ലെ ജി.ഒ (ആർ.റ്റി) 1821/2015/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ആവശ്യമായ 108 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഇ.എസ്.ഐ.സി മെഡിക്കൽ കേളേജ്, പാരിപ്പള്ളി, കൊല്ലം:**

കൊല്ലം, പാരിപ്പള്ളി ഇ.എസ്.ഐ.സി മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജ്:**

24.03.2012-ലെ, ജി.ഒ(എം.എസ്) നം.98/2012/ആ.കു.വ പ്രകാരം ഭരണാനുമതി ലഭിച്ച കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിനായി 28.05.2013-ലെ ഉത്തരവ് ജി.ഒ(എം.എസ്) നം.211/2013/ആർ.ഡി പ്രകാരം റവന്യൂ വകുപ്പ് ബദിയഡുക്ക വില്ലേജിൽ 25.06.36 ഹെക്ടർ സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. 08.07.2013-ലെ ജി.ഒ(ആർ.റ്റി) നം.2453/2013/ആ.കു.വ പ്രകാരം 99,75,877/- രൂപ പ്രസ്തുത കോളേജിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് പാക്കേജ് പ്രകാരം 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**ഗവൺമെന്റ് മെഡിക്കൽ കോളേജ്, വയനാട്:**

01.10.2013-ലെ ജി.ഒ (എം.എസ്) നം.401/2013/ആ.കു.വ പ്രകാരം ഭരണാനുമതി ലഭിച്ച വയനാട് മെഡിക്കൽ കോളേജിനായി വയനാട് കോട്ടത്തറ വില്ലേജിലെ സർവ്വേ നം.1058-ലെ 50 ഏക്കൽ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സൗജന്യമായി സ്വീകരിക്കുന്നതിന് 24.01.2015-ലെ ജി.ഒ (എം.എസ്) നം.42/2015/ആർ.ഡി പ്രകാരം റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(മറുപുറം....)

**ഹരിപ്പാട് മെഡിക്കൽ കോളേജ്:**

ആലപ്പുഴ ജില്ലയിലെ കരുവാറ്റ വില്ലേജിൽപ്പെട്ട സ്ഥലത്ത് ഹരിപ്പാട് മെഡിക്കൽ കോളേജിനായി തറക്കല്ലിട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജിന്റെ പി.പി.പി. മാതൃകയിലുള്ള നടത്തിപ്പിനു ഇൻഫ്രാമെഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

പുതിയ മെഡിക്കൽ കോളേജുകൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിവരം താഴെ ചേർക്കുന്നു.

1. ഇടുക്കി മെഡിക്കൽ കോളേജ്- 350 ലക്ഷം.
2. കാസർഗോഡ് മെഡിക്കൽ കോളേജ്-350 ലക്ഷം
3. കോന്നി മെഡിക്കൽ കോളേജ്- 550 ലക്ഷം
4. മഞ്ചേരി മെഡിക്കൽ കോളേജ് - 450 ലക്ഷം
5. വയനാട് മെഡിക്കൽ കോളേജ്- 350 ലക്ഷം
6. പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ്- 550 ലക്ഷം.

സെക്ഷൻ ഓഫീസർ